LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ, കരവാരം പുളിമാത്ത് പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പ്രാരംഭ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കായുള്ള കിണർ, പമ്പ് ഹൗസ്, ഭൂതല ജലസംഭരണി ഉപരിതല ജലസംഭരണി ഇവയ്ക്കായുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് കൈമാറുന്നതാണെന്ന് 2014 നവംബർ 14-ന് ബഹുമാനപ്പെട്ട എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിൽ പഞ്ചായത്തുകൾ സമ്മതിച്ചതാണ്. അവ വാട്ടർ അതോറിറ്റിക്ക് കൈമാറുമ്പോൾ ഈ പദ്ധതിക്കായുള്ള വിശദമായ സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതും എസ്റ്റിമേറ്റ് കണക്കാക്കുന്നതുമാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

223 (931) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളുടെയും പേര്, അടങ്കൽതുക, പ്രവൃത്തികളുടെ പുരോഗതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് എന്നീ വകുപ്പുകൾ കാസർഗോഡ് ഡിവിഷനുകീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, അനുബന്ധം II, അനുബന്ധം III, അനുബന്ധം IV എന്നിവയായി ചേർത്തിരിക്കുന്നു.*

(സി) ജലനിധി :

ബാച്ച്-3-ൽ ഉൾപ്പെടുത്തി കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ജലനിധിയുടെ ചെറിയ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുമായി എ I കരാറിൽ ഒപ്പിടുന്നതിനുള്ള പദ്ധതികൾ ആരംഭ ഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി :

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിക്കും നീലേശ്വരം മുനിസിപ്പാലിറ്റിക്കും വേണ്ടി 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പൊതുവായ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി U.I.D.S.S.M.T. ധനസഹായത്തിനായി K.S.U.D.P-യിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടി വർക്കിന് ജിക്കയുടേയോ ലോകബാങ്കിന്റേയോ അംഗീകാരം ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇതു കൂടാതെ മടിക്കൈ ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കുവേണ്ടി 700 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഡോ. പ്രഭാകരൻ കമ്മീഷൻ പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലസേചന വകുപ്പ് :

ജലസേചന വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം V ആയി ചേർത്തിരിക്കുന്നു.*

കണ്ടല്ലൂർ കുടിവെള്ള പദ്ധതി

224 (932) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11-ൽ ഭരണാനുമതി ലഭിച്ച, തീരദേശവികസന കോർപ്പറേഷനിൽ നിന്നും 120 ലക്ഷം രൂപ വിനിയോഗിച്ചു നടപ്പിലാക്കുന്ന കണ്ടല്ലൂർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പ്രദേശത്ത് പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കണ്ടല്ലൂർ പഞ്ചായത്തിൽ തീരദേശ വികസന കോർപ്പറേഷനിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.